കാസർഗോഡ് ജില്ലയിലെ ജയിലുകളിലെ തടവുകാർ

260(3082) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ജയിലുകളിൽ റിമാന്റ്/വിചാരണ തടവുകാരുടെ എണ്ണം അനുവദിക്കപ്പെട്ടതിലും ഇരട്ടിയോളം വരുന്നതിനെ തുടർന്ന് സ്ഥിരമായി കണ്ണൂർ സെൻട്രൽ ജയിലിലേക്ക് മാറ്റി പാർപ്പിക്കേണ്ടിവരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ മാറ്റപ്പെട്ടവരെ കണ്ണൂരിൽനിന്നും കാസർഗോഡുള്ള കോടതി കളിൽ എത്തിക്കുന്നതിന് അധിക ബാധ്യതയുണ്ടാകുന്നുണ്ടോ ;

(സി) ഇതുമായി ബന്ധപ്പെട്ട് പൊതുജനത്തിനോ തടവുകാർക്കോ ഏതെങ്കിലും തരത്തിൽ സുരക്ഷാ ഭീക്ഷണി നേരിടേണ്ടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കാസർഗോഡ് ജില്ലയിലെ റിമാന്റ്/വിചാരണ തടവുകാരെ ജില്ലയിൽ തന്നെ പാർപ്പിക്കുന്നതിനായി ജില്ലാ ജയിൽ നിർമ്മിക്കുന്നതിന് തീരുമാനമെടു ത്തിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിനാവശ്യമായ സ്ഥലം ലഭ്യമാണോ ; ഇല്ലെങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) മാറ്റപ്പെട്ട പല തടവുകാർക്കും എതിർചേരിയിൽനിന്നും ഭീഷണി യുള്ളതായി പോലീസ് അറിയിച്ചിട്ടുണ്ട്. എന്നാൽ പൊതുജനങ്ങൾക്ക് സുരക്ഷാ ഭീഷണി ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഡി&ഇ) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് ജില്ലാ ജയിൽ പ്രവർത്തി ക്കുന്നുണ്ട്. കൂടുതൽ പാർപ്പിടശേഷിയുള്ള ജില്ലാജയിൽ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. ഹോസ്ദുർഗ്ഗ് താലൂക്കിൽ പെരിയ വില്ലേജിൽ സർവ്വേ നമ്പർ 424-ൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള 10 ഏക്കർ സ്ഥലം ജില്ലാ ജയിൽ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തി യിട്ടുണ്ട്, ടി സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കാസർഗോഡ് ജില്ലാ കളക്ടർക്ക് ജയിൽ വകുപ്പ് കത്ത് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly